| 20-03-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, സത്യമായ അച്ഛനോട് സത്യതയോടെ കഴിയണം എങ്കിൽ ഓരോ ചുവടിലും കോടികളുടെ സമ്പാദ്യം സമാഹരിക്കപ്പെട്ടുകൊണ്ടിരിക്കും.**

**ചോദ്യം:-** ഏതൊരു പ്രാപ്തിയാണ് ഭഗവാനല്ലാതെ മറ്റാർക്കും നേടിത്തരാൻ കഴിയാത്തത്?
**ഉത്തരം:-** ഞങ്ങൾക്ക് ശാന്തി അല്ലെങ്കിൽ സുഖം ലഭിക്കണം എന്ന് മനുഷ്യർ ആഗ്രഹിക്കുന്നുണ്ടാകും. ശാന്തി ലഭിക്കുന്നത് മുക്തിധാമത്തിലും സുഖം ലഭിക്കുന്നത് ജീവന്മുക്തിയിലുമാണ്. അപ്പോൾ മുക്തി, ജീവന്മുക്തി ഇവ രണ്ടിന്റേയും പ്രാപ്തി ഭഗവാനല്ലാതെ മറ്റാർക്കും ചെയ്യിക്കാൻ കഴിയില്ല. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ അങ്ങനെ അലഞ്ഞുനടക്കുന്ന ആത്മാക്കളോട് ദയ ഉണ്ടാകണം. പാവങ്ങൾ വഴി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്, അലഞ്ഞുതിരിയുകയാണ്, അവർക്ക് വഴി കാണിച്ചുകൊടുക്കണം.

**ഗീതം:-** നീതിയുടെ വഴിയേ....

**ഓം ശാന്തി**. ഈ ഗീതം തന്നെ കുട്ടികൾക്ക് വേണ്ടിയുള്ളതാണ് എന്തുകൊണ്ടെന്നാൽ സത്യതയിലൂടെ സത്യമായ അച്ഛന്റെ നിർദ്ദേശത്തിലൂടെ കുട്ടികൾ മാത്രമേ പോകുന്നുള്ളൂ. പിന്നെ ചിലർ നല്ലരീതിയിൽ പോകുന്നു, ചിലർ പോകുന്നേയില്ല. ആരാണോ പോകുന്നത് അവർ മാത്രമേ ഉയർന്ന പദവി നേടുകയുള്ളൂ. പോകുന്നില്ലായെങ്കിൽ ഉയർന്ന പദവി നേടാൻ കഴിയില്ല. ബാബ അഥവാ പ്രിയതമനോട് സത്യമായിരിക്കണം എന്തുകൊണ്ടെന്നാൽ ബാബയിൽ നിന്ന് ലഭിക്കുന്നത് സത്യമായ മതമാണ്. മറ്റുള്ളവരെല്ലാം കപട മതങ്ങൾ നൽകുന്നവരാണ്. മനുഷ്യർ, മനുഷ്യർക്ക് നൽകുന്നതെല്ലാം അസത്യമായ മതമാണ്. പാടാറുണ്ടല്ലോ അസത്യമായ മായ, അസത്യമായ ശരീരം.. ഇവിടെ അസത്യം തന്നെ അസത്യമാണ്. സത്യഖണ്ഡത്തിൽ അസത്യം ഉണ്ടാവുകയില്ല. ആ സത്യഖണ്ഡത്തിനുവേണ്ടിയാണ് നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത്. അപ്പോൾ കുട്ടികൾ അച്ഛനോട് വളരെയധികം സത്യതയുള്ളവരായിരിക്കണം. പരിധിയില്ലാത്ത അച്ഛൻ കൂടിയാണ്. സത്യമായിരിക്കുന്നതിലൂടെ ഓരോ ചുവടിലും കോടിപതി ആയിക്കൊണ്ടിരിക്കും. കപടതയുള്ളവർ കോടിപതികൾ ആകില്ല. അപ്പോൾ ബാബയോട് കള്ളം പറയുന്നത് വലിയ നഷ്ടമാണ്. സദാ സത്യമായിരിക്കണം, ഇല്ലെങ്കിൽ സത്യഖണ്ഡത്തിൽ ഇത്രയും പദവി നേടാൻ കഴിയില്ല. ശരി, ഇത് കുട്ടികൾക്കുള്ള ജാഗ്രതാ നിർദ്ദേശമാണ്. ഇപ്പോൾ കുട്ടികൾ മറ്റുള്ളവർക്ക് മനസ്സിലാക്കികൊടുക്കുന്നതിനുള്ള ആശയങ്ങളും പഠിക്കണം, ബുദ്ധിയില്ലാത്തവർക്ക് എങ്ങനെ മനസ്സിലാക്കിക്കൊടുക്കാമെന്നതിന്. ബുദ്ധിയില്ലാത്തവർ എന്ന് എന്തുകൊണ്ടാണ് വിളിക്കുന്നത്? എന്തുകൊണ്ടെന്നാൽ മനുഷ്യർക്ക് തിരിച്ചറിവില്ല. പറയുന്നൊക്കെയുണ്ട് മനുഷ്യ സൃഷ്ടി രചിക്കുന്നവനായ പരമാത്മാവ് എന്ന്, അപ്പോൾ അദ്ദേഹം രചയിതാവ് ആണ്. എന്നാൽ രചനകൾക്ക് ഇത് പിന്നെ അറിയുകയില്ല എന്തെന്നാൽ നമ്മുടെ രചയിതാവ് ആരാണെന്ന്. ഭക്തിയും മറ്റും ചെയ്യുന്നു - ശാന്തിക്കോ സുഖത്തിനോ വേണ്ടി. ഞങ്ങളും നിങ്ങളും അങ്ങിനെ ചെയ്തിരുന്നു, ബാബയെ കിട്ടുന്നതിനുമുൻപ്. കൃഷ്ണന്റെ ഭജന ചെയ്യുന്നു, അദ്ദേഹത്തിന്റെ ഓർമ്മിക്കുകയും ചെയ്യുന്നു, കൃഷ്ണന്റെ ആഘോഷങ്ങൾ കൊണ്ടാടുന്നു, പക്ഷേ അദ്ദേഹത്തോട് എന്താണ് ആവശ്യപ്പെടുന്നത്, ഒന്നും മനസ്സിലാകുന്നില്ല. നമ്മെ രചിച്ചവൻ ആരാണ്, ഒന്നും തന്നെ അറിയുന്നില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബയെ കിട്ടുന്നതുവരെ നമ്മൾ അനേകപ്രകാരത്തിലുള്ള സാധനകളും, ഭക്തിയും മറ്റും ചെയ്തുപോന്നവരാണ്. ചെയ്ത് ചെയ്ത് റിസൾട്ട് എന്തായി? ഒന്നും ഇല്ല. സൃഷ്ടിക്ക് തമോപ്രധാനമാകുക തന്നെവേണം. അപ്പോൾ ഇത്രയും സാധനകൾ ചെയ്യുന്നല്ലോ അതിൽ നിന്ന് എന്തെങ്കിലും ലഭിച്ചുവോ അതോ ഇല്ലേ, ഈ വിചാരവും ഉണ്ടാകുന്നില്ല, ഇപ്പോൾ മനസ്സിലാക്കുന്നു, ഒന്നും ലഭിച്ചില്ല. നമുക്ക് എന്താണ് വേണ്ടത്, അതുപോലും ബുദ്ധിയിലില്ല. സന്യാസി പറയും നിർവ്വാണധാമത്തിൽ പോകുന്നതിനായി നമ്മൾ സാധന ചെയ്യുന്നു. പക്ഷേ അതും വഴി അറിയാവുന്നവനേ, പോയി വന്നവനേ വഴി പറഞ്ഞുകൊടുക്കാൻ കഴിയുകയുള്ളൂ മറ്റാർക്കും വഴി പറയാൻ കഴിയില്ല. ആരാണോ വരുന്നവർ അവർക്ക് പുനർജന്മങ്ങൾ എടുക്കേണ്ടിവരും. അന്തിമം വരെ പുനർജന്മങ്ങൾ എടുത്തുകൊണ്ടിരിക്കണം. എപ്പോൾ സൃഷ്ടിയുടെ വിനാശം ഉണ്ടാകുന്നുവോ അഥവാ സൃഷ്ടിയാകുന്ന വൃക്ഷം ജീർണ്ണിച്ച് ജഡമാകുന്നുവോ അതുവരെ സർവ്വരും ഉണ്ടായേ പറ്റൂ. മനുഷ്യർ പലരെപ്പറ്റിയും വിചാരിക്കുന്നു, ഇന്നയാൾ ജ്യോതിയായി ജ്യോതിയിൽ ലയിച്ചു, വൈകുണ്ഠവാസിയായി അഥവാ സ്വർഗ്ഗത്തിലേക്ക് പോയി. എന്നാൽ വാസ്തവത്തിൽ സ്വർഗ്ഗത്തിലൊന്നും ആരും എത്തിയിട്ടില്ല. സ്വർഗ്ഗം എവിടെയാണ്, നിർവ്വാണധാമം എവിടെയാണ്, അവിടെയെന്താണുള്ളത്, അവിടെ പോയിട്ട് പിന്നെ എപ്പോഴാണ് വരുന്നത്! ഒന്നും തന്നെ അറിയുന്നില്ല. നിങ്ങൾ എല്ലാം അറിയുന്നു നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച്. ആരെങ്കിലും വരികയാണെങ്കിൽ ചോദിക്കണം നിങ്ങൾ എന്താണ് ആഗ്രഹിക്കുന്നത്? ഗുരു

ഭക്തി ചെയ്യുമ്പോഴും മനസ്സിലെ ആഗ്രഹം എന്താണ്? വാസ്തവത്തിൽ അവരുടെ ആഗ്രഹം എന്താണെന്ന് നിങ്ങൾ ബ്രാഹ്മണ-ബ്രാഹ്മണികൾക്ക് അറിയാം. ആഗ്രഹിക്കേണ്ടത് എന്താണ്, ഏത് കാര്യത്തിലാണ് ആഗ്രഹം വെയ്ക്കേണ്ടത് - ഇതൊന്നും ആരും അറിയുന്നില്ല. ഇവിടെ ഒന്നും നല്ലതായി തോന്നുന്നില്ല, അതിനാൽ ഇവയിൽ നിന്നും വിടുതൽ കിട്ടാനായി സാധന ചെയ്യുന്നു. അപ്പോൾ പോകാൻ രണ്ട് ധാമങ്ങൾ ഉണ്ട്, നിർവ്വാണധാമം അതാണ് ശാന്തിധാമം. അവിടെ ആത്മാക്കൾ നിവസിക്കുന്നു. എന്താ നിങ്ങൾ ആ ധാമത്തിൽ പോകാൻ ആഗ്രഹിക്കുന്നുവോ? നിങ്ങൾ കുട്ടികൾക്ക് ദയ ഉണ്ടാകണം. പാവങ്ങൾ അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്. വഴി ആർക്കും അറിയുകയേയില്ല. വഴികാട്ടി ഒന്നേയുള്ളൂ. അത് സർവ്വരേയും ദുഃഖത്തിൽ നിന്ന് മോചിപ്പിച്ച് സുഖധാമത്തിൽ കൊണ്ടുപോകുന്നവനായ അഥവാ ജീവന്മുക്തമാക്കുന്നവനായ ഒരേ ഒരുവൻ തന്നെയാണ്. അദ്ദേഹം ഏതുവരെ വരുന്നില്ലയോ അതുവരെ ആർക്കും തന്നെ മുക്തി-ജീവന്മുക്തികളുടെ പ്രാപ്തി ഉണ്ടാകുകയില്ല. ഈ രണ്ട് വസ്തുക്കളും ബാബയുടെ കൈയ്യിലാണ്. ഏതുവരെ ഭഗവാൻ ഭക്തരുടെ അടുത്ത് വരുന്നില്ലയോ അതുവരെ ആ വസ്തു ലഭിക്കുകയില്ല. സ്വർഗ്ഗത്തിൽ സുഖം, ശാന്തി ഇവ രണ്ടും ഉണ്ട്. ശാന്തി എന്ന് എന്തുകൊണ്ടാണ് പറഞ്ഞത്? എന്തുകൊണ്ടെന്നാൽ അവിടെ യുദ്ധവും വഴക്കും ഒന്നും ഉണ്ടാകുന്നില്ല. എന്നാൽ യഥാർത്ഥ ശാന്തിധാം എന്നത് നിർവ്വാണ ധാമം ആണ്. അവിടെ സർവ്വ ആത്മാക്കളും ശാന്തരായിരിക്കുന്നു, പിന്നീട് ആത്മാവിന് എപ്പോൾ അവയവങ്ങൾ കിട്ടുന്നുവോ അപ്പോൾ സംസാരിക്കുന്നു. അപ്പോൾ അവിടെ (സത്യുഗത്തിൽ) സുഖവും ശാന്തിയും രണ്ടും ഉണ്ട്. സുഖം ഉണ്ടാകുന്നത് സമ്പത്തിൽ നിന്നാണ്. അവിടെയാണെങ്കിൽ ധാരാളം സമ്പത്തുണ്ട്. ഇവിടെ സമ്പത്തില്ല അതിനാൽ പാവങ്ങളായ മനുഷ്യർ റൊട്ടിക്കഷ്ണങ്ങൾ പോലും വളരെ പ്രയാസപ്പെട്ടാണ് കഴിക്കുന്നത്. സമ്പത്തുണ്ടെങ്കിൽ വിമാനം, വലിയ വലിയ കൊട്ടാരങ്ങൾ എന്നീ സൗകര്യങ്ങൾ എല്ലാം ഉണ്ടാകും. അപ്പോൾ സമ്പത്തും വേണം ശാന്തിയും വേണം. രോഗമില്ലാത്ത ശരീരവും വേണം. ഇതെല്ലാം നൽകുന്നവൻ ബാബയാണ്. മനസ്സിലാക്കിതരുന്നു ഈ കലിയുഗം ദുഃഖധാമമാണ്. പുതിയ ലോകം സുഖധാമമാണ്. അവിടെ ദുഃഖം ഉണ്ടാകുന്നില്ല. പവിത്രത, സുഖം, ശാന്തി എന്നിവയെല്ലാം അവിടെയുണ്ട്. രണ്ടാമത്തേത് മുക്തിധാമമാണ്, അവിടെ ആർക്കും സദാ വസിക്കുവാൻ കഴിയില്ല. പുനർജന്മങ്ങളെടുത്ത് തീർച്ചയായും പാർട്ടുകൾ അഭിനയിക്കണം. പാർട്ടിലേക്ക് വരുന്നത് എപ്പോഴാണോ അതുവരെ മാത്രമേ പരംധാമിൽ ഇരിക്കാൻ കഴിയുകയുള്ളൂ. സത്യമായ സ്വീറ്റ് ഹോമിനെ ഓർമ്മിക്കുകയാണ്, നാടകങ്ങളിൽ എണ്ണത്തിനൊക്കെ ഒരു പരിധിയുണ്ട്. ഇന്ന ഡ്രാമയിൽ ഇത്ര അഭിനേതാക്കളേയുള്ളൂ, ഇതാണെങ്കിൽ അനാദിയായി ഉണ്ടായ ഉണ്ടാക്കപ്പെട്ട ഡ്രാമയാണ്. സംഖ്യ പരിമിതമാണ്, ഭാരതത്തിൽ 33 കോടി ദേവതകൾ എന്നത് നിശ്ചിതമാണ്. ഈ സമയം വളരെപേർ മതം മാറിപ്പോയിരിക്കുന്നു. അപ്പോൾ ആദ്യമായി ആരെങ്കിലും വരുമ്പോൾ അവരോട് ചോദിക്കണം മനസ്സിൽ എന്ത് ആശയാണുള്ളത്? എന്താണ് ആഗ്രഹിക്കുന്നത്? ദർശനത്തിലൊന്നും ഒരു പ്രയോജനവും ഇല്ല. ഗുരുക്കന്മാരുടെ അടുത്ത് ചിലർ ആഗ്രഹങ്ങളുമായി പോകാറുണ്ട്. ഒരു ആഗ്രഹം വെക്കുന്നത് എന്തെങ്കിലും കിട്ടും എന്നതാണ്. ആശിർവാദങ്ങൾ നൽകും, നമ്മൾ ഇന്ന കാര്യത്തിൽ ജയിക്കും, ചിലർ പറയും എനിക്ക് സദാ ശാന്തിയിലിരിക്കുവാനുള്ള വഴി പറഞ്ഞുതരൂ. മനസ്സ് വളരെ ചഞ്ചലമാണ്. പറയൂ ശാന്തി ലഭിക്കുന്നത് പരംധാമത്തിലാണ്. ഒന്ന് ശാന്തിധാമം, രണ്ട് സുഖധാമം, മൂന്നാമത്തേത് ദുഃഖധാമം. നിങ്ങൾ ഏതാണ് ആഗ്രഹിക്കുന്നത് , ഞങ്ങൾ പറഞ്ഞുതരാം ഈ സാധനയാണ് അഥവാ പുരുഷാർത്ഥമാണ് ചെയ്യേണ്ടത് . സാധനയെന്നതും പുരുഷാർത്ഥം എന്നതും ഒന്നു തന്നെ. ഭക്തർ സാധന ചെയ്യുന്നത് മറ്റൊരു ലോകത്തിലേക്ക് അഥവാ തിരികെ പരംധാമത്തിലേക്ക് പോകാൻ വേണ്ടിയാണ്. മോക്ഷം ആരും നേടില്ല. ഇത് ഉണ്ടായ ഉണ്ടാക്കപ്പെട്ട ഡ്രാമയാണ്. സന്യാസികൾക്ക് വീണ്ടും തങ്ങളുടെ സന്യാസ ധർമ്മത്തിലേക്ക് വരുകതന്നെ വേണം. ക്രിസ്ത്യൻ ധർമ്മം വീണ്ടും ക്രിസ്തുവിലൂടെ സ്ഥാപിക്കപ്പെടും. സത്യുഗത്തിൽ, പുതിയ ലോകത്തിൽ പവിത്രത, സുഖം, ശാന്തി എല്ലാം ഉണ്ട്, അതിനെ പറയപ്പെടുന്നത് സുഖധാമം എന്നാണ്, ശിവാലയം. ഇത് വേശ്യാലയമാണ്. നിങ്ങൾ എന്താഗ്രഹിക്കുന്നു? ശാന്തി ആഗ്രഹിക്കുന്നുവോ? അത് ശാന്തിധാമത്തിൽ ലഭിക്കും. അതും ഏതുവരെയെന്നാൽ സുഖധാമത്തിലുള്ളവരുടെ അർത്ഥം ദേവീ-ദേവതമാരുടെ പാർട്ട് ഉണ്ടാകുന്നതുവരെ. പിന്നീട് നമ്പർവാർ ആയി എല്ലാവർക്കും പാർട്ടിലേക്ക് വരേണ്ടിവരും. നിങ്ങളും പുരുഷാർത്ഥം ചെയ്യുകയാണെങ്കിൽ വൈകുണ്ഠത്തിൽ പോകും. ഭാരതം വൈകുണ്ഠമായിരുന്നു, ഈ സൂചന നൽകണം. സമ്പത്ത് അച്ഛനിൽ നിന്നുമാത്രമാണ് ലഭിക്കുന്നത്. അവൻ തന്നെയാണ് വന്ന് മക്കൾക്ക് തന്റെ തിരിച്ചറിവ് നൽകുന്നത്. അച്ഛനേയല്ലെങ്കിൽ കുട്ടികൾ എങ്ങനെ തിരിച്ചറിയും. ഞങ്ങൾ ഭഗവാന്റെ മക്കളാണ് എന്നവർ മനസ്സിലാക്കുകയൊന്നുമില്ല. ഇനി അങ്ങനെ പറഞ്ഞാൽ നമ്മൾ ചോദിക്കും ഭഗവാൻ എന്താണ് രചിക്കുന്നത്? അദ്ദേഹം സ്വർഗ്ഗം രചിക്കും. പിന്നെ നിങ്ങൾ നരകത്തിൽ പ്രയാസപ്പെടുന്നത് എന്തിനാണ്, പിന്നെ 84 ജന്മങ്ങളെപ്പറ്റി പറയേണ്ടി വരും. ഭഗവാൻ നിങ്ങളെ സ്വർഗ്ഗത്തിലേക്കാണ് അയച്ചത് പിന്നീട് 84 ജന്മങ്ങൾ എടുത്ത് ഇപ്പോൾ നരകത്തിൽ വന്നുപെട്ടിരിക്കുകയാണ്. ഇപ്പോൾ 84 ജന്മങ്ങൾ പൂർത്തിയായി. നിങ്ങൾ അത് അറിയുന്നില്ല നമ്മൾ പറഞ്ഞുതരികയാണ്. നിങ്ങൾ

ആദ്യം സ്വർഗ്ഗത്തിലായിരുന്നു പിന്നീട് 84 ജന്മങ്ങൾ അനുഭവിച്ചു. ഇപ്പോൾ വീണ്ടും അച്ഛനേയും സ്വർഗ്ഗത്തേയും ഓർമ്മിക്കൂ. കമലപുഷ്പ സമാനം പവിത്രമായി ഇരിക്കേണ്ടിവരും. സന്യാസിമാർക്കും മനസ്സിലാക്കികൊടുക്കൂ, നിങ്ങളുടേത് ഹഠയോഗമാണ്. ഇത് രാജയോഗമാണ്. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നുകൊണ്ട് കമലപുഷ്പ സമാനം ഇരിക്കണം. ഇത് പ്രവൃത്തി മാർഗ്ഗമാണ്. നിങ്ങളുടെ വഴി പോലും വേറെയാണ്, നിവൃത്തി മാർഗ്ഗത്തിന്റേത്. ഈ പ്രവൃത്തി മാർഗ്ഗം ജീവന്മുക്തി നേടുന്നതിനുള്ളതാണ്. നമുക്കും ബാബയാണ് പറഞ്ഞുതന്നത്. ഇപ്പോൾ നിങ്ങൾ അച്ഛനെ ഓർമ്മിക്കുകയാണെങ്കിൽ ''അന്ത്മതി സോ ഗതി'(അന്തിമ മനസ്സ് എങ്ങനെയോ അതുപോലെ ഗതി) ആയിത്തീരും. വികർമ്മങ്ങളുടെ ഭാരത്തിന്റെ വിനാശം ബാബയെ ഓർമ്മിക്കുമ്പോഴാണ് സംഭവിക്കുന്നത്. സുഖവും ശാന്തിയും ലഭിക്കുവാൻ ഈ രണ്ട് സ്ഥാനങ്ങളാണ് ഉള്ളത്. നിങ്ങൾക്ക് ഏതാണ് വേണ്ടത്? എന്താ സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹിക്കുന്നുവോ?

പാടാറുണ്ട് അങ്ങ് തന്നെ മാതാവും പിതാവും.. നിങ്ങൾക്ക് അളവറ്റ സുഖം വേണമെങ്കിൽ ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നുകൊണ്ട് രാജയോഗം പഠിക്കൂ. പാവനവും ആയിരിക്കണം, എന്നാൽ രണ്ടിലും കഴിയുന്നവർ, ബന്ധനസ്ഥരായിരിക്കുകയില്ല. സ്വർഗ്ഗത്തിന്റെ അധികാരിയാകേണ്ടയാൾ അല്ലെങ്കിൽ പിന്നെ ഒട്ടും തന്നെ തങ്ങിനിൽക്കില്ല, ബാബയേയും സമ്പത്തിനേയും ഓർമ്മിക്കണം ഒപ്പം പവിത്രമായിരിക്കണം. ഒരു സന്യാസി എഴുതിയിരിക്കുകയാണ് ഞാൻ സന്യാസിയാണ് എന്നാൽ പൂർണ്ണമായും വഴിയറിയില്ല. കേട്ടിരിക്കുന്നു താങ്കളിൽകൂടി വഴി ലഭിക്കുന്നു എന്ന്. ഇപ്പോൾ എന്തു ചെയ്യാം? ഞാൻ താങ്കളുടേതായാൽ ശിഷ്യന്മാർ സഹിതം വന്നു ചേരും. പക്ഷേ അങ്ങനെ ആരും ആകില്ല. അദ്ദേഹം കരുതുന്നത് നാം എന്തു പറയുന്നുവോ ശിഷ്യന്മാർ അത് മാനിക്കും എന്നാണ്. എന്നാൽ അങ്ങനെ ചെയ്യുകയേയില്ല. ബി.കെ കളുടെ പേര് കേൾക്കുമ്പോൾ പറയും ഇവർ മന്ത്രവാദം ചെയ്തുവെന്ന്. ചിലർ പുറത്തുപോകുകയും ചെയ്യും, ബാക്കി നമ്മൾ ഏതെങ്കിലും സന്യാസിമാരുടെ ആശ്രമത്തിൽ കൈ കടത്തുന്നവരൊന്നുമല്ല. മനസ്സിലാക്കൂ ആരെങ്കിലും ഈ മാർഗ്ഗം നല്ലതാണ് എന്ന് മനസ്സിലാക്കുന്നു എന്നുകരുതി നമ്മൾ അവരുടെ ആശ്രമം സംരക്ഷിക്കണമോ? കുട്ടികൾ പോയി പ്രഭാഷണം ചെയ്യും ഇഷ്ടപ്പെട്ടാൽ നിൽക്കും. ബാക്കി ആശ്രമം ഒക്കെ നാം എന്തുചെയ്യാനാണ്. എഴുതിയിരിക്കുന്നു ഞങ്ങൾ വന്ന് കുറച്ച് അറിവ് നേടിക്കോട്ടെ? അപ്പോൾ അവർക്ക് എഴുതണം നിങ്ങൾ സാധന ചെയ്യുന്നത് എവിടെ പോകുന്നതിനു വേണ്ടിയാണ്? എന്ത് ഉദ്ദേശ്യ-ലക്ഷ്യത്തോടെയാണ്? ആരെ കണ്ടുമുട്ടുവാനാണ് ആഗ്രഹിക്കുന്നത്? എവിടെ പോകാനാണ് ആഗ്രഹിക്കുന്നത്? നിങ്ങൾ ഹഠയോഗിയായ സന്യാസിയാണ്, നമ്മുടേത് രാജയോഗമാണ്. ഇത് പഠിപ്പിക്കുന്നവൻ പരമപിതാവായ പരമാത്മാവാണ്. ഈ കലിയുഗം ദുഃഖധാമമാണ്, സത്യുഗമാണ് സുഖധാമം. കലിയുഗത്തിൽ നോക്കൂ അനേകാനേകം ധർമ്മങ്ങൾ ഉണ്ട്, എന്തുമാത്രം യുദ്ധങ്ങളും വഴക്കുകളും നടക്കുന്നു. സത്യുഗത്തിൽ ഒരു ധർമ്മമേയുള്ളൂ. അത് സതോപ്രധാനമായ ലോകമാണ്. ഏതുപോലെ രാജാവും റാണിയും, അതുപോലെ പ്രജകളും സതോപ്രധാനമാണ്. ഇവിടെയാണെങ്കിൽ ഏതുപോലെ രാജാവും റാണിയും അതുപോലെ പ്രജകളും തമോപ്രധാനമാണ്. ഇത് മുള്ളുകളുടെ കാടാണ്, അത് പുഷ്പങ്ങളുടെ പൂന്തോട്ടമാണ്. അപ്പോൾ മാർഗ്ഗങ്ങൾ രണ്ടാണ്. ഹഠയോഗവും രാജയോഗവും. ഈ രാജയോഗം സ്വർഗ്ഗത്തിനായുള്ളതാണ്. രാജാക്കന്മാരുടെ രാജാവാകുന്നത് സ്വർഗ്ഗത്തിലാണ്. സ്വർഗ്ഗം സ്ഥാപിക്കുന്നവൻ പരമപിതാവായ പരമാത്മാവാണ്. പരമാത്മാവ് തന്നെയാണ് രാജയോഗം പഠിപ്പിക്കുന്നതും. സന്യാസി പറയും ഞങ്ങൾ സന്യാസത്തിൽ തന്നെയിരിക്കും, അപ്പോൾ ജ്ഞാനം എടുക്കാൻ കഴിയില്ല. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിയേണ്ടതായി വരും. ഇത് ഒരു നിയമമാണ് എന്തിനേയാണോ ഉപേക്ഷിച്ച് ഓടിയത് അതിന്റെ മംഗളം പിന്നീട് ചെയ്യേണ്ടിവരും. ആദ്യം നിങ്ങൾ നല്ല രീതിയിൽ മനസ്സിലാക്കൂ പിന്നീട് പരോപകാരം വീട്ടിൽ നിന്നാരംഭിക്കണം. നിങ്ങൾ ആദ്യം സ്ത്രീയെ ഉപേക്ഷിച്ചു. അഥവാ ബാലബ്രഹ്മചാരിയാണെങ്കിൽ മാതാ-പിതാക്കളേയും ഉപേക്ഷിച്ചിട്ടുണ്ടാകും, അവരേയും മനസ്സിലാക്കിക്കണം. നിയമങ്ങളും ചിട്ടകളും ആദ്യം മനസ്സിലാക്കികൊടുക്കണം.

പഴയ ലോകത്തിനെ പുതിയതാക്കുക എന്നത് ബാബയുടെ ജോലി തന്നെയാണ്. ബാബക്ക് പരംധാമത്തിൽ നിന്ന് വരേണ്ടി വരുന്നു. അദ്ദേഹം പതീതരെ പാവനമാക്കുന്നവനാണ്, നരകത്തെ സ്വർഗ്ഗമാക്കുന്നവനാണ്. സ്വർഗ്ഗത്തിൽ കഴിയുന്നവർ ദേവീ-ദേവതമാരാണ്. ബാക്കിയെല്ലാവരും നിർവ്വാണധാമത്തിൽ കഴിയുന്നു. സർവ്വർക്കും സുഖവും ശാന്തിയും നൽകുന്നവൻ ഒരാൾ തന്നെയാണ്. ബാബ വന്നിരിക്കുന്നതു തന്നെ ഒരു ധർമ്മത്തിന്റെ സ്ഥാപന നടത്തി ബാക്കിയെല്ലാത്തിന്റേയും വിനാശം ചെയ്യുന്നതിനുവേണ്ടിയാണ് മറ്റുള്ളവരെല്ലാം പരംധാമത്തിൽ പോയി നിവസിക്കും. ഇത് അന്തിമ സമയമാണ്. സർവ്വ കണക്കുപുസ്തകങ്ങളും പൂർത്തിയാക്കി തിരികെ പോകും. സർവ്വ ആത്മാക്കൾക്കും തങ്ങളുടേതായ പാർട്ട് ലഭിച്ചിട്ടുണ്ട്. ചിലർ ഇത്ര ജന്മം, ചിലർ ഇത്ര ജന്മം എന്നിങ്ങനെ പാർട്ട് അഭിനയിക്കുന്നു. സർവ്വരും തമോപ്രധാനമായേ മതിയാകൂ. പിന്നെ തിരികെ പോകാനൊന്നും ആർക്കും കഴിയില്ല. മോക്ഷവും ഉണ്ടാകുന്നില്ല. ബാക്കിയുള്ളത് മുക്തിയും ജീവന്മുക്തിയുമാണ്, നമ്മൾ ജീവന്മുക്തിക്കുവേണ്ടിയാണ്

പുരുഷാർത്ഥം ചെയ്യുന്നത്. ഇതിൽ മുക്തിയും വരുന്നു. നിങ്ങൾ അഥവാ മുക്തി ആഗ്രഹിക്കുന്നുവെങ്കിൽ ശരി ബാബയെ ഓർമ്മിക്കൂ അപ്പോൾ വികർമ്മം വിനാശമാകും. കൂടാതെ നിങ്ങൾ ബാബയുടെ അടുത്തേക്ക് പോകും. ഈ ഒരേഒരു വഴി സ്വയം ബാബ പറഞ്ഞുതരുകയാണ് ഒപ്പം സ്വദർശന ചക്രവും തിരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പഠിത്തം പഠിച്ചുകൊണ്ടേയിരുന്നാൽ സ്വർഗ്ഗത്തിൽ വരാം. അപ്പോൾ സന്യാസിമാർക്ക് വീണ്ടും ഗൃഹസ്ഥ വ്യവഹാരത്തിലേക്ക് പോകേണ്ടിവരും, ധൈര്യം വേണം. ഒരു ജ്ഞാനേശ്വര ഗീതയുണ്ട് അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു, ഒരു കുട്ടിയെ നൽകിയിട്ട് സന്യസിക്കുകയാണെങ്കിൽ കുലത്തിന് വൃദ്ധി ഉണ്ടാകും. പിന്നെ ബാലബ്രഹ്മചാരികൾ ആരും തന്നെ ഉണ്ടാകില്ല. ബാല ബ്രഹ്മചാരികളിൽ ഭീഷ്മ പിതാമഹൻ വളരെ മാനിക്കപ്പെടുന്നയാളാണ്. പക്ഷേ മനുഷ്യർ പരസ്പരം വിശ്വസിക്കുകപോലും ചെയ്യുന്നില്ല. വിചാരിക്കുന്നു ഗൃഹസ്ഥത്തിലിരിക്കുക ഒപ്പം വികാരത്തിൽ പോകാതിരിക്കുക ഇത് സംഭവ്യമല്ല. പക്ഷേ അവർക്ക് ഭഗവാൻ സർവ്വശക്തിവാന്റെ സഹായം ഒന്നുമില്ലല്ലോ. രാജയോഗം പഠിച്ച് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നതിനുള്ള ശക്തിയുമില്ല. സർവ്വരേയും ദുഃഖങ്ങളിൽ നിന്ന് മുക്തി നൽകി സുഖത്തിലേക്ക് കൊണ്ടുപോകുക, എന്നത് പരമാത്മാവിനല്ലാതെ ആർക്കും ചെയ്യാൻ കഴിയില്ല. രണ്ട് വാതിലുകളുടേയും താക്കോൽ ബാബയുടെ അടുത്താണുള്ളത്. സ്വർഗ്ഗത്തിന്റെ ഗേറ്റ് തുറക്കുകയാണെങ്കിൽ മുക്തിയുടേതും തുറക്കപ്പെടും. മുക്തിയിലേക്ക് പോകാതെ സ്വർഗ്ഗത്തിലേക്ക് എങ്ങനെ പോകാൻ കഴിയും. രണ്ട് ഗേറ്റുകളും ഒരുമിച്ച് തുറക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1) മുക്തിക്കായി ബാബയെ ഓർമ്മിച്ച് വികർമ്മം വിനാശമാക്കണം അതോടൊപ്പം ജീവന്മുക്തിക്കുവേണ്ടി സ്വദർശന ചക്രധാരിയാകണം, പഠിത്തം പഠിക്കണം.

2) ദയാഹൃദയരായി അലഞ്ഞുതിരിയുന്നവർക്ക് വീട്ടിലേക്കുള്ള വഴി പറഞ്ഞുകൊടുക്കണം. മുക്തിയുടേയും ജീവന്മുക്തിയുടെയും സമ്പത്ത് ഓരോരുത്തർക്കും ബാബയിലൂടെ നേടിക്കൊടുക്കണം.

## വരദാനം:-ആത്മീയ സ്ഥിതിയിൽ സ്ഥിതി ചെയ്ത് സ്വമാനത്തിന്റെ സീറ്റിൽ ഇരിക്കുന്നവരായ സദാ സുഖി, സർവ്വ പ്രാപ്തി സ്വരൂപരായി ഭവിക്കട്ടെ.

ഏതൊരാളിലും ഏതെങ്കിലുമൊക്കെ ഗുണങ്ങളുടെ വിശേഷതയുണ്ടാകും. എല്ലാവരും വിശേഷപ്പെട്ടവരാണ്, ഗുണവാനാണ്, മഹാനാണ്, മാസ്റ്റർ സർവ്വശക്തിവാനുമാണ്- ഈ ആത്മീയ ലഹരി സദാ സ്മൃതിയിലിരിക്കണം- ഇതിനെത്തന്നെയാണ് പറയുക സ്വമാനം എന്ന്. ഈ സ്വമാനത്തിൽ അഭിമാനം വരിക സാദ്ധ്യമല്ല. അഭിമാനത്തിന്റെ സീറ്റ് മുള്ളുകളുടെ സീറ്റാണ്, അതിനാൽ ആ സീറ്റിൽ ഇരിക്കാൻ ശ്രമിക്കരുത്. ആത്മീയ സ്ഥിതിയിൽ സ്ഥിതി ചെയ്ത് സ്വമാനത്തിന്റെ സീറ്റിൽ ഇരിക്കൂ എങ്കിൽ സദാ സുഖി, സദാ ശ്രേഷ്ഠം, സദാ സർവ്വ പ്രാപ്തി സ്വരൂപത്തിന്റെ അനുഭവം ചെയ്തുകൊണ്ടിരിക്കും.

## സ്ലോഗൻ:- തന്റെ ശുഭഭാവനയിലൂടെ ഓരോ ആത്മാവിനും ആശീർവ്വാദം നൽകുകയും ക്ഷമിക്കുകയും ചെയ്യുന്നവർ തന്നെയാണ് മംഗളകാരികൾ.